# ഉള്ളടക്കം


21 ജ്യോതിഷത്തിന്റെ അഭിവൃദ്ധി . . . . . . . . . . . . . 1

1 ഉപക്രമം . . . . . . . . . . . . . . . . 2

2 പ്രാചീനാചാര്യന്മാർ . . . . . . . . . . 3

3 ചില കേരളീയ ജ്യോതിർവിത്തുകൾ . . 4

4 സൂര്യദേവൻ . . . . . . . . . . . . . . 5

5 ഇരിഞ്ഞാടപ്പള്ളി മാധവൻനമ്പൂരി . . 6

6 വേണ്വാരോഹം . . . . . . . . . . . . 7

7 വടശ്ശേരി പരമേശ്വരൻ നമ്പൂരി . . . . 8

8 കൃതികൾ . . . . . . . . . . . . . . . 9

9 സിദ്ധാന്തദീപിക . . . . . . . . . . . . 10

10 ഗോളദീപിക . . . . . . . . . . . . . . 11

11 കർമ്മദീപിക . . . . . . . . . . . . . 12

12 ദൃഗ്ഗണിതം . . . . . . . . . . . . . . . 13

13 മുഹൂർത്തരത്നവ്യാഖ്യ . . . . . . . . 14

14 ലീലാവതീവ്യാഖ്യ . . . . . . . . . . . 15

15 ലഘുഭാസ്കരീയവ്യാഖ്യ . . . . . . . 16

16 ജാതകകർമ്മപദ്ധതിവ്യാഖ്യ . . . . . 17

17 ജാതകപദ്ധതി . . . . . . . . . . . . . 18

18 പ്രശ്നനഷ്ടപഞ്ചാശികാവൃത്തി . . . . . 19

19 സൂര്യസിദ്ധാന്തവിവരണം . . . . . . 20

20 ഗ്രഹണമണ്ഡനം, ഗ്രഹണാഷ്ടകം . . 21

21 വ്യതീപാതാഷ്ടകവൃത്തി . . . . . . . . 22

22 മുഹൂർത്താഭരണം . . . . . . . . . . . 23

23 നാരായാണൻനമ്പൂരി . . . . . . . . . 24

24 പുതുമനച്ചോമാതിരി . . . . . . . . . . 25

25 ന്യായരത്നം . . . . . . . . . . . . . . 26

26 മാത്തൂർ നമ്പൂരിപ്പാട് . . . . . . . . . 27

27 സങ്ഗ്രാമവിജയോദയം . . . . . . . . 28

28 രണദീപിക, കുമാരഗണകൻ . . . . . 29

29 രവിനമ്പൂരി . . . . . . . . . . . . . . . 30

30 ദേശമംഗലത്ത് ഉഴുത്തിരവാരിയർ . . 31

31 കേളല്ലൂർ നീലകണ്ഠസോമയാജി . . . 32

32 തന്ത്രസംഗ്രഹവ്യാഖ്യകൾ . . . . . . . 33

33 നാരായണൻനമ്പൂരി, കർമ്മപ്രദീപിക 34

# 6 വേണ്വാരോഹം

അൻപത്തൊൻപതു ശ്ലോകങ്ങൾ കൊണ്ടു ക്രിയാക്രമം വിവരിക്കുന്ന ഒരു കൃതിയാണ് വേണ്വാരോഹം. അതിനു തൃക്കണ്ടിയൂർ അച്യുതപ്പിഷാരടി ആഴ്വാഞ്ചേരിത്തമ്പ്രാക്കളുടെ നിദേശമനുസരിച്ച ഗദ്യത്തിൽ ഒരു ഭാഷാവ്യാഖ്യാനവും രചിച്ചിട്ടുണ്ട്. താഴെക്കാണുന്ന ശ്ലോകങ്ങൾ ഗ്രന്ഥാരംഭത്തിൽ ഉള്ളവയാണ്:

> "ശ്രിയേ ഭവതു മേ ദേവശ്ശിവശ്ശീതാംശുശേഖരഃ
> തദൈവ തത്സുതോപ്യസ്തു വിഘ്നോ വിഘ്നോപശാന്തയേ.
>
> അവിചാരകൃതം വാചാമചാതുര്യമപോഹതു
> ജാഗ്രതീ രസനാഗ്രേ മേ ഗിരാമപ്യധിദേവതാ.
>
> പ്രഭാകരാദയസ്സർവ്വേ പ്രണതാന്തഃപ്രഭാകരാഃ
> ദിവി ഗ്രാഹാഃ പ്രസീദന്തു ത്രിലോകാനന്ദിവിഗ്രഹാഃ.
>
> വക്തും സംഖ്യാവിശേഷാംസ്തു വർഗ്ഗൈസ്തന്മാത്രസൂചകൈഃ
> പദ്യാനി രചയേ ഭൂയാംസ്യദ്യ ജിഹ്രേമി നോ ഇഹ.
>
> ബകുളാധിഷ്ഠിതത്വേന വിഹാരോ യോ വിശിഷ്യതേ;
> ഗൃഹനാമനി സോയം സ്യാന്നിജനാമനി മാധവഃ."

ഇവയിൽ ഒടുവിലത്തെ ശ്ലോകം പിഷാരടി വ്യാഖ്യാനിച്ചിരിക്കുന്നതു് ഇങ്ങനെയാണ്: "യാതൊരു ഗൃഹം ബകുളാധിഷ്ഠിതത്വംകൊണ്ടു വിശേഷിക്കപ്പെടുന്നതു്...ബകുളം = ഇരഞ്ഞി; വിഹാരം = പള്ളി. ഇരഞ്ഞി നിന്ന പള്ളി എന്നു് ഇല്ലപ്പേർ. തന്റെ നാമത്തിങ്കൽ മാധവൻ." ഇരഞ്ഞി നിന്ന പള്ളി അനന്തരകാലങ്ങളിൽ ഇരിഞ്ഞാടപ്പള്ളിയായി രൂപാന്തരപ്പെട്ടിരിക്കാം. ഒടുവിലത്തെ ശ്ലോകത്തിൽ ഗ്രന്ഥത്തിലേ ശ്ലോക സംഖ്യ കാണിച്ചിട്ടുണ്ട്.

> "ശ്ലോകൈരേകോനഷഷ്ട്യേത്ഥമഭിധായ ക്രിയാക്രമം
> ക്രമശസ്താനി സൂക്ഷ്മാണി വക്ഷ്യം വാക്യാന്യപക്രമേ."

വ്യാഖ്യാതാവിന്റെ ശ്ലോകമാണ് അടിയിൽ ചേർക്കുന്നതു്:

> "മാധവൻതാൻ ചമച്ചുള്ള വേണ്വാരോഹത്തിനച്യുതൻ
> ഭാഷാവ്യാഖ്യാനമുണ്ടാക്കീ നേത്രനാരായണാജ്ഞയാ."

കേരളല്ലൂർ ചോമാതിരി ഉദ്ധരിയ്ക്കുന്ന വസന്തതിലകപദ്യം അടങ്ങിയ കൃതി മാധവന്റെ മറ്റൊരു വാങ്മയമായിരിക്കണമെന്നു തോന്നുന്നു.

## 12 ദൃഗ്ഗണിതം

ദൃഗ്ഗണിതത്തെപ്പറ്റി മുമ്പു പ്രസ്താവിച്ചുവല്ലോ. ആചാര്യന്റെ നാമധേയം അന്യാദൃശമായ മാഹാത്മ്യത്തോടുകൂടി പരിസ്സരിക്കുന്നതു് ഈ ഗ്രന്ഥത്തിന്റെ നിർമ്മിതിനിമിത്തമാകുന്നു. ഇതു കണ്ടുകിട്ടീട്ടില്ല. പ്രാണകലാന്തരസംസ്കാരമാണു് അദ്ദേഹം ഗണിതപദ്ധതിയിൽ വരുത്തീട്ടുള്ള പ്രധാനപരിഷ്കാരം. “പരമേശ്വരസ്തു രുദ്രപരമേശ്വരാത്മജനാരായണമാധവാദിഭ്യോ ഗോളവിദ്ഭ്യോ ഗണിതഗോളയുക്തീ രപി ബാല്യ ഏവ സമ്യഗ് ഗൃഹീത്വാ ദൃഗ്ഗണിതം കരണം ചകാര” എന്നു കേളല്ലൂർ ചോമാതിരി ആര്യഭടീയഭാഷ്യത്തിൽ പറയുന്നതിൽനിന്നു ദൃഗ്ഗണിതകാരനു രുദ്രൻ എന്ന പ്രധാനാചാര്യനു പുറമേ പരമേശ്വരപുത്രനായ നാരായണൻ, മാധവൻ (സംഗമഗ്രാമമാധവൻ) മുതലായി ജ്യോതിശ്ശാസ്ത്രവിഷയത്തിൽ വേറേയും ഗുരുക്കന്മാരുണ്ടായിരുന്നു എന്നു വിശദമാകുന്നു. രുദ്രൻ ഒരു വാരിയരായിരിക്കണം. വരാഹഹോരയ്ക്കു വിവരണമെന്ന വ്യാഖ്യാനം രചിച്ച രുദ്രനും പരമേശ്വരന്റെ ആചാര്യനും ഭിന്നന്മാരാകുന്നു. വിവരണകാരൻ കേളല്ലൂർ ചോമാതിരിയുടെ സമകാലികനാണു്. പ്രസ്തുതഗ്രന്ഥത്തിന്റെ നിർമ്മിതിയ്ക്കുവേണ്ടി പരമേശ്വരൻനമ്പൂരി അൻപത്തഞ്ചു വർഷം ക്ലേശിച്ചു എന്നൊരു ഐതിഹ്യമുള്ളതു് അതിശയോക്തിപരമാണെന്നു പറയേണ്ടിയിരിക്കുന്നു.

## 23 നാരായാണൻനമ്പൂരി

മുഹൂർത്തദീപകം എന്ന ഗ്രന്ഥത്തിന്റെ പ്രണേതാവാണ് നാരായണൻനമ്പൂരി. ആ ഗ്രന്ഥത്തിൽ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ കാണുന്നു:

> "ഗജാസ്യഗോശിവഗുരൂൻ നത്വാ മൂർദ്ധ്നാ കരോമ്യഹം
> മുഹൂർത്തദീപകം സ്വല്പം സ്വല്പബുദ്ധിഹിതായ വൈ.

***

> "കശ്ചിദ്ദ്വിജോ ഗുണഖ്യാതകേശവാഖ്യദ്വിജാത്മജഃ
> കാണ്വവസ്ത്വാഹ്വയഗ്രാമജന്മാ നാരായണാഹ്വയഃ
> ഇത്ഥം മുഹൂർത്തദീപാഖ്യം മുഹൂർത്താഗമസാരജം
> മുഹൂർത്തദർശനം പുണ്യം സജ്ജനൈഃ കൃതവാൻ ശ്രുതം."

'കാണ്വവസ്തു' എന്നതു ശങ്കരകവി സ്മരിക്കുന്ന തൃക്കണ്ണപുരമായിരിക്കാം. വടശ്ശേരി പരമേശ്വരൻനമ്പൂരിയുടെ ഗുരുക്കന്മാരിൽ അന്യതമനെന്നു കേളല്ലൂർ ചോമാതിരി പറയുന്ന നാരായണൻ പക്ഷേ ഇദ്ദേഹമായിരിക്കുവാൻ ഇടയുണ്ട്. മുഹൂർത്തദീപകവും മഴമംഗലം സ്മരിക്കുന്ന ഗ്രന്ഥങ്ങളിൽ ഒന്നാകുന്നു.

